ആദിവാസി കുടുംബങ്ങൾ

*3 [183] ശ്രീ. ടി. കെ. ബാലൻ:
" കെ. കെ. ജയചന്ദ്രൻ:
" വി. കെ. ചന്ദ്രൻ:
" കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി ഭൂ സംരക്ഷണ നിയമപ്രകാരം സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഭൂമി ലഭിക്കുന്നതിനായി ആദിവാസി കുടുംബങ്ങൾ സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ നടത്തിയ സമരം സർക്കാർ ഒത്തുതീർപ്പാക്കുകയുണ്ടായോ;

(ബി) എങ്കിൽ ഒത്തുതീർപ്പ് വ്യവസ്ഥകൾ എന്തെല്ലാമായിരുന്നു; അവ നടപ്പിലാക്കിയിട്ടുണ്ടോ;

(സി) ഏതെല്ലാം സ്ഥലങ്ങളിൽ നിന്ന് ആദിവാസികളെ കുടിയൊഴിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ആദിവാസികൾ കുടിയേറിപ്പാർക്കുന്ന സ്ഥലങ്ങളിൽനിന്ന് ഇറക്കി വിടുന്നതിനു പകരം കൈവശഭൂമിക്ക് പട്ടയം നൽകുന്നതിന് തയ്യാറാകുമോ;

(ഇ) സർക്കാർ വാഗ്ദാനങ്ങളും ഒത്തുതീർപ്പുവ്യവസ്ഥകളും നടപ്പിലാക്കാത്തതിനാൽ ആദിവാസി സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ വീണ്ടും സമരം നടത്തുകയാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പട്ടികജാതി പട്ടികവർഗ്ഗ സമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ): സർ,

(എ) സർക്കാർ ആദിവാസികൾക്ക് ഭൂമി നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളത് ഏതെങ്കിലും നിയമപ്രകാരമല്ല. ആദിവാസി സംരക്ഷണ സമിതി നിലവിലുള്ളതായി അറിയില്ല.

(ബി) ബാധകമല്ല.

(സി) കണ്ണൂർ ഡിവിഷനിൽപ്പെട്ട നോർത്ത് വയനാട് ഡിവിഷനിലെ പേരിയ റെയിഞ്ചിലെ വരയാൽ, ബേഗൂർ റെയിഞ്ചിലെ പനവല്ലി, മാനന്തവാടി റെയിഞ്ചിലെ വഞ്ഞോട്, പാതിരിമന്ദം, കരിമ്പിൻ എന്നിവിടങ്ങളിൽ നിന്നും 2003-ൽ അനധികൃതമായി വനഭൂമി കയ്യേറിയ ആദിവാസികളെ കുടിയൊഴിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സൗത്ത് വയനാട് ഡിവിഷനിൽ ചെതലത്ത് റെയിഞ്ചിലെ 1969 തേക്ക്തോട്ടം മദൂർ, അപ്പാട് 2001 തേക്ക്തോട്ടം, കൽപ്പറ്റ റെയിഞ്ചിലെ ഇടിയംവയൽ, കുറ്റ്യാംവയൽ, മേപ്പാടി റെയിഞ്ചിലെ മേപ്പാടികുന്ന് ജെയ്ഹിന്ദ് മലവാരം, മുട്ടിൽപിക്ക് എന്നിവിടങ്ങളിൽ ആദിവാസികൾ അനധികൃതമായി കുടിയേറിപ്പാർക്കുന്ന കയ്യേറ്റ ഭൂമിയിൽ നിന്നും ഇവരെ ഒഴിപ്പിക്കേണ്ടതായുണ്ട്. കെ.എഫ്.ഡി.സി. (കേരള ഫോറസ്റ്റ് ഡെവലപ്മെന്റ്

LIBRARY ARCHIVES Kerala Legislative Assembly

കോർപ്പറേഷൻ)-യുടെ കീഴിലുള്ള ചീയംബം, പാമ്പാ എന്നീ കാപ്പിത്തോട്ടങ്ങൾ റവന്യൂ വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരത്തെ ചെറ്റച്ചൽ, ജഴ്സിഫാം, കൃഷിവകുപ്പിന്റെ കീഴിലുള്ള നെല്ലിയാംപതിയിലെ ഓറഞ്ചുഫാം, തൃശ്ശൂർ ജില്ലയിലെ ആനമല കൂട്ടുകൃഷി ഫാം എന്നിവയും കയ്യേറിയിട്ടുണ്ട്. എന്നാൽ ആനമല കൂട്ടുകൃഷിഫാം സംബന്ധിച്ച കേസ് നിലനിൽക്കുന്നതിനാൽ കോടതി വിധിക്കു വിധേയമായി നടപടി സ്വീകരിക്കുന്നതാണ്.

(ഡി) അനധികൃത കയ്യേറ്റങ്ങൾ ഒഴികെ ഒരു ആദിവാസിയേയും അവരുടെ വാസസ്ഥലങ്ങളിൽ നിന്നും ഇറക്കിവിടുന്നതല്ല.

(ഇ) ആദിവാസി സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ വീണ്ടും സമരം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ആദിവാസികൾക്ക് നൽകിയിട്ടുള്ള വാഗ്ദാനങ്ങൾ നടപ്പിലാക്കിവരുന്നു.

<u>ശ്രീ. ടി. കെ. ബാലൻ:</u> സർ, ഭൂമിയില്ലാത്ത ആദിവാസികളാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞിട്ടുള്ള വയനാട്ടിലും ഇടുക്കിയിലും മറ്റ് പല സ്ഥലങ്ങളിലും കയ്യേറ്റം നടത്തിയിട്ടുള്ളത്. അതുകൊണ്ട് ഭൂമിയില്ലാത്ത അവർക്ക് ഒന്നുകിൽ ഇപ്പോൾ കയ്യേറിയിട്ടുള്ള ഭൂമിയിൽ തന്നെ സ്ഥിരാവകാശം നൽകുക അല്ലെങ്കിൽ മറ്റ് സ്ഥലത്ത് അവർക്ക് ഭൂമി നൽകാൻ വേണ്ടി ഗവൺമെന്റ് പ്രത്യേകമായ ഒരു പരിഗണന കാണിക്കുമോ?

<u>ഡോ. എം. എ. കുട്ടപ്പൻ:</u> ഗവൺമെന്റ് യാതൊരു അലംഭാവവും കാണിക്കാതെ നിയമവിധേയമായി കിട്ടാവുന്ന ഭൂമി പരമാവധി ലഭ്യമാക്കി കൊണ്ട് വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്. ആദിവാസികളാകട്ടെ, ആദിവാസികളല്ലാത്ത വരാകട്ടെ ഫ്രഷായിട്ടുള്ള എൻക്രോച്ച്മെന്റ് നടത്തുകയാണെങ്കിൽ അവരെ നിർബന്ധമായും എവിക്റ്റ് ചെയ്യണമെന്ന് കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടിരിക്കുകയാണ്. അങ്ങനെ ചെയ്യുന്നില്ലെങ്കിൽ അതിന് കാരണക്കാരായ ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റ്, കളക്ടർ, ഡിസ്ട്രിക്റ്റ് പോലീസ് സൂപ്രണ്ട്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ എന്നിവരെ കുറ്റക്കാരായി കണ്ട് നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. അതുകൊണ്ട് നിയമവിധേയമായി മാത്രമേ കൊടുക്കാൻ കഴിയൂ. ദയവായി കയ്യേറിയ ആളുകൾ സ്വയം ഒഴിഞ്ഞുമാറണമെന്നാണ് പറയാനുള്ളത്. നിയമവിധേയമായി ചെയ്യാനുള്ളത് ചെയ്യും. അതുകൊണ്ട് അനധികൃതമായി കയ്യേറാൻ തുനിയരുത്. ഒഴിഞ്ഞുമാറണമെന്നാണ് ഗവൺമെന്റിന് അഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീ. ടി. കെ. ബാലൻ:</u> കേന്ദ്ര ഗവൺമെന്റ് ചില മാനദണ്ഡങ്ങളൊക്കെ വയ്ക്കുന്നത് അവരുടെ കയ്യിലുള്ള ചില തെറ്റായിട്ടുള്ള ധാരണകളുടെ അടിസ്ഥാനത്തിലാണ്. നമ്മുടെ കേരളത്തിലാണെങ്കിൽ ജനസംഖ്യയിൽ തന്നെ 1% മാത്രം വരുന്ന ഇവർക്ക് യഥാർത്ഥത്തിൽ അവർ ഇന്ന് അധിവസിക്കുന്ന പല സ്ഥലവും അവരുടെ സ്വന്തമായ ഭൂമിയാണ്. കാടിന്റെ മക്കളെന്ന് നമ്മൾ പറയുന്നത് തന്നെ ആ അർത്ഥത്തിലാണ്. അതുകൊണ്ട് അവരെ forceful ആയി ഇറക്കുക എന്ന കേന്ദ്രത്തിന്റെ നിർദ്ദേശം തികച്ചും തെറ്റായ നടപടിയായിരിക്കും. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഇത്തരത്തിൽ ആളുകളെ അതാത് ഭൂമിയിലോ അല്ലെങ്കിൽ ഭൂമിയുള്ള മറ്റ് സ്ഥലത്തോ പാർപ്പിക്കുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് വ്യക്തമായ ഒരു തീരുമാനമെടുക്കണം. ഒരു കാരണവശാലും അവരെ ഒഴിപ്പിച്ച് മറ്റൊരു പ്രശ്നം വിളിച്ചുവരുത്താൻ ഗവൺമെന്റ് തയ്യാറാകരുതെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

ഡോ. എം. എ. കുട്ടപ്പൻ: ബഹുമാനപ്പെട്ട അംഗം തെറ്റിദ്ധരിച്ചു.. വനത്തിൽ പരമ്പരാഗതമായി താമസിക്കുന്ന ആദിവാസികൾ ആരെയും കുടിയിറക്കുന്നില്ല. നേരെമറിച്ച് അടുത്തകാലത്തായി പുതിയതായി വനഭൂമി കയ്യേറുന്ന ആളുകളുടെ കാര്യമാണ് ഞാൻ പറഞ്ഞത്. അവരെ ഇറക്കാൻ ഗവൺമെന്റ് നിർബന്ധിതമാണ്. പക്ഷേ ഗവൺമെന്റ് സ്വയം നിയന്ത്രിക്കുന്നത് മുത്തങ്ങ പോലെയുള്ള സംഭവങ്ങൾ ഉണ്ടാകരുതെന്ന ആഗ്രഹമുള്ളതുകൊണ്ടാണ്. അതുകൊണ്ട് ബലമായി കയ്യേറിയ ആളുകൾ, recent ആയിട്ടുള്ള കയ്യേറ്റക്കാരെ ഒഴിപ്പിക്കാൻ പ്രതിപക്ഷം കൂടി സഹായിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. കെ. കെ. ജയചന്ദ്രൻ: ആദിവാസികൾ താമസിക്കുന്ന ഭൂമിയിൽ നിന്നും ബലമായി അവരെ കുടിയിറക്കണമെന്നുള്ള നിലയിലുള്ള ധാർഷ്ഠ്യ രൂപത്തിലാണ് മന്ത്രിയുടെ മറുപടി എന്നുതോന്നുന്നു. യഥാർത്ഥത്തിൽ നിയമത്തിന്റെ അടിസ്ഥാനത്തിൽ അവർക്ക് അർഹതപ്പെട്ട ഭൂമിയല്ലേ? അതുകൊണ്ട് തന്നെ അവരെ പുനരധിവസിപ്പിക്കാനാവശ്യമായ നടപടികൾ ഗവൺമെന്റ് പ്രത്യേകമായി സ്വീകരിക്കുമോ എന്നാണ് ചോദിക്കുന്നത്?

ഡോ. എം. എ. കുട്ടപ്പൻ: ഒരു സംശയവും വേണ്ട. 1980-ലെ വന സംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ ആവർത്തിച്ചുള്ള നിർദ്ദേശ പ്രകാരം ഫ്രഷായിട്ടുള്ള എൻക്രോച്ച്മെന്റ് അനുവദിക്കാൻ പാടില്ല. അങ്ങനെ ചെയ്താൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടിയെടുക്കുമെന്ന് കേന്ദ്ര ഗവൺമെന്റ് ആവർത്തിച്ച് പറഞ്ഞിരിക്കുകയാണ്. മറിച്ച് വനഭൂമിയിൽ പാർക്കുന്ന ആദിവാസികളെ ഇറക്കാൻ പാടില്ല. ഇവിടെ സംഭവിച്ചിരിക്കുന്നത്, ബലമായി കയ്യേറിയിരിക്കുകയാണ്. ഒരു കാര്യം ഞാൻ വായിക്കട്ടെ, കേന്ദ്രഗവൺമെന്റിന്റെ കത്താണ്, ... In respect of any fresh occupation of the forestland by tribals and non-tribals.in forest areas, henceforth administration shall hold concerned District Magistrate and Collector, Superintendent of Police and Forest Divisional Officer personally responsible for such encroachment and they will be liable for disciplinary action in respect of any such encroachment. അതുകൊണ്ട് സംസ്ഥാന ഗവൺമെന്റിനെ ബുദ്ധിമുട്ടിക്കാതെ ബലമായി കയ്യേറിയ ഭൂമിയിൽ നിന്ന് ഒഴിവാകണം.. അല്ലെങ്കിൽ ഈ ഉദ്യമത്തിനെതിരെ നടപടിയെടുക്കാൻ സർക്കാർ നിർബന്ധിതരാകും. അങ്ങനെ ഒരു സാഹചര്യമുള്ളതുകൊണ്ടാണ് പറയുന്നത്. ആദിവാസികളുടെ ഭൂമി പ്രശ്നം പരിഹരിക്കാൻ സർക്കാർ ആത്മാർത്ഥമായി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ബലമായ കയ്യേറ്റം ഒഴിവാക്കണമെന്നാണ് പറയാനുള്ളത്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly